KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 17/ 10/ 2019


# എം ബി ബി എസ് അഡ്മിഷൻ തട്ടിപ്പ് - പ്രതി പിടിയിലായി.



ഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ വാങ്ങി തരാമെന്ന് പറഞ്ഞു വഞ്ചിച്ച കേസിലെ പ്രതി അറസ്റ്റിലായി. കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലിരുന്ന കേസിലെ പ്രതിയാണ് കണ്ണനല്ലൂർ പോലീസിന്റെ തന്ത്രപരമായ നീക്കത്തിനൊടുവിൽ പിടിയിലായത്. കൊല്ലം, കുന്നിക്കോട്, മേലില, ശ്യാം ഭവനത്തിൽ ,ശ്യാം കുമാറാണ് അറസ്റ്റിലായത്. കേരളത്തിലങ്ങോളമിങ്ങോളം നിരവധി വഞ്ചനാ കേസുകളിൽ 2012 മുതൽ അന്വേഷിച്ചു കൊണ്ടിരുന്ന പ്രതിയാണ് ഇപ്പോൾ അറസ്റ്റിലായത്. നാളിതുവരെയായി പൊലീസിന് ടിയാനെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മലപ്പുറം, കോട്ടയം, പത്തനംതിട്ട, കൊല്ലം സിറ്റി,കൊല്ലം റൂറൽ എന്നീ ജില്ലകളിലെ വിവധ പോലീസ് സ്റ്റേഷനുകളിൽ ശ്യാമിനെതിരെ കേസ് നില നിൽക്കുന്നുണ്ട്. ടി ജില്ലകളിൽ ശ്യാമിനെതിരെ വാറണ്ടുകളുമുണ്ട്. 2007 മുതൽ വിവധ ജില്ലകളിലായി എം ബി ബി എസ്, ബി ഡി എസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ തരപ്പെടുത്തി കൊടുക്കാമെന്നു പറഞ്ഞു നേരിട്ടും ഏജന്റുമാർ വഴിയും രക്ഷിതാക്കളിൽ നിന്നും പണം വാങ്ങിയ ശേഷം മുങ്ങുകയാണ് ചെയ്യുന്നത്. ടിയാൻ കൊട്ടാരക്കരയിൽ 'ഇൻസ്പയർ' എന്ന ട്രെയിനിങ് അക്കാഡമി നടത്തിയിരുന്നു. ഈ സ്ഥാപനത്തിൽ ഡിപ്ലോമ കോഴ്സ് എന്ന പേരിൽ കോഴ്സ് നടത്തിയത്തിലും വിദ്യാർഥികൾ പറ്റിക്കപ്പെട്ടതായി നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിലേക്കും നിയമാനടപടികൾ സ്വീകരിക്കുന്നതാണ്. വിവധ ജില്ലകളിൽ ടിയാന്റെ കൂട്ടാളികളായി പ്രവർ ത്തിച്ചവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ശ്യാമിനെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുന്നിക്കോട് സ്വദേശിയായ ടിയാൻ കുന്നിക്കോട് വീട്ടിൽ നിന്നും ഒഴിഞ്ഞു മാറി ബാങ്ക്ളൂരിൽ താമസിച്ചു വരികയായിരുന്നു. ബാങ്ക്ളൂരിൽ നിന്നും ദുബായിലേക്ക് ബാങ്ക്ളൂർ എയർ പോർട്ട് വഴി കടക്കാൻ ശ്രമിക്കവേ എമിഗ്രേഷൻ വിഭാഗത്തിന്റെ സഹായത്തോടെ പോലീസ് പിടികൂടുകയായിരുന്നു. ജില്ലാ പോലീസ് മേധാവി ശ്രീ പി കെ മധു ഐ പി എസ് നല്കിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ എ സി പി ശ്രീ ജോർജ് കോശിയുടെ നേതൃത്വത്തിൽ കണ്ണനല്ലൂർ എസ് എച്ച് ഒ യു പി വിപിൻ കുമാർ, എസ് ഐ മാരായ സുന്ദരേശൻ, മനോഹരൻ, എ എസ് ഐ രാജേന്ദ്രൻ പിള്ള, സിവിൽ പോലീസ് ഓഫീസർ പ്രദീപ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് ശ്യാമിനെ പിടികൂടിയത്. അന്വേഷണത്തിന്റെ ഭാഗമായി ടിയാനെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ അന്വേഷണവും തെളിവ് ശേഖരണവും നടത്തുന്നതാണെന്ന് കണ്ണനല്ലൂർ എസ് എച്ച് ഒ അറിയിച്ചു.